Reg. No. : ....................................

Name : ..........................................

# FY-817

**IMPROVEMENT/SUPPLEMENTARY EXAMINATION, OCTOBER 2022**

Part – III

Time : $2\frac{1}{2}$ Hours

Cool-off time : 15 Minutes

## മലയാളം
## (ഐച്ഛികം)
## MALAYALAM
## (Optional)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ 2 ഉത്തരം വീതം തിരഞ്ഞെടുത്ത് എഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. "ഈ നാടുമായി ഒരു ബന്ധവുമില്ലെന്ന് ചിലപ്പോൾ എനിക്കുതോന്നിപ്പോകുന്നു. ഞാൻ ഒറ്റപ്പെടുന്നു" തകഴി ശിവശങ്കരപ്പിള്ളയെ കൊണ്ട് ഇങ്ങനെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

   (a) രാത്രികാലങ്ങളിൽ കുട്ടനാട്ടിൽ ആകെ മുഴങ്ങികേൾക്കുന്ന ചക്രപ്പാട്ട്.

   (b) തനിവെള്ള ക്കെട്ടായതും അതിവിസ്തൃതവുമായ പാടങ്ങളുടെ ആധിക്യം.

(c) നാട്ടിലെ വേഷവിധാനത്തിൽ ഉണ്ടായ മാറ്റം കാരണം അനുഭവപ്പെടുന്ന അപരിചിതത്വം.

(d) ചൈതന്യമുള്ള ചെറുപ്പക്കാരുമായി അടുത്തിടപഴകാൻ കഴിയാത്തതിലുള്ള സങ്കടം.

2. "മാതൃസന്നിധാനത്തിൽ" എന്ന പാഠഭാഗത്തിന് അനുയോജ്യമായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുത്ത് എഴുതുക ?

(a) സഞ്ചാരിയുടെ കൗതുകത്തിനപ്പുറം ഒരു അന്വേഷിയുടെ ഉദ്വേഗം

(b) ഓർമ്മയെ വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെ വിശകലനം ചെയ്യുന്നു.

(c) ജനിച്ച നാടിന്റെ ഭൂതകാല സ്മരണകളിലേക്ക് വീണ്ടും എത്തുമ്പോൾ ഉണരുന്ന അടയാള മുദ്രകൾ.

(d) വില്യംസ് സിൻഡ്രോം, ഓട്ടിസം എന്നിവയെ പറ്റിയുള്ള സമഗ്രവിവരണം.

3. 'പക്ഷിയുടെ മണം' എന്ന കഥയിലെ മഞ്ഞകലർന്ന തവിട്ടുനിറമുള്ള പക്ഷി പ്രതിനിധാനം ചെയ്യുന്നതെന്തെല്ലാം ? കണ്ടെത്തി എഴുതുക ?

(a) സ്ത്രീ അനുഭവിക്കുന്ന സ്വാതന്ത്ര്യം

(b) ചവിട്ടിയരക്കപ്പെടുന്ന സ്ത്രീസ്വത്വം

(c) മരണത്തിന്റെ പ്രതീകം

(d) കാല്പനിക പ്രതിരോധം

4. "ഒരു പിഞ്ചു കുഞ്ഞിന്റെ കയ്യിനോളം വരും ഓരോ കൊഞ്ചും" എന്ന സാമ്യോക്തി സൂചിപ്പിക്കുന്ന ധ്വനി പാഠം എന്തെല്ലാം ? തിരഞ്ഞെടുത്ത് എഴുതുക.

(a) മാനവികത നഷ്ടപ്പെടുന്ന സമൂഹം

(b) കൊഞ്ച് നല്ല ഓമനത്തം ഉള്ളതാണ്.

(c) വിരുദ്ധ പ്രയോഗം സൃഷ്ടിക്കുന്ന പുതിയ ആശയം.

(d) യാന്ത്രികത നന്മയിലേക്ക് നയിക്കുന്നു.

5. ബിംബിസാരന്റെ ഇടയൻ എന്ന കവിതയിലെ ഇടയ സങ്കല്പവുമായി ബന്ധപ്പെടുത്താവുന്ന രണ്ട് പ്രസ്താവനകൾ കണ്ടെത്തി എഴുതുക ?

(a) പ്രവാചകന്മാരെ ഇടയന്മാരായിട്ടാണ് കരുതുന്നത്

(b) ജീവിതത്തിലെ പ്രതീക്ഷകൾ നഷ്ടപ്പെട്ട അവസ്ഥ

(c) ശ്രീബുദ്ധൻ ഒരു ഇടയന്റെ സ്ഥാനമലങ്കരിക്കുന്നു.

(d) സമൂഹത്തിന് പുത്തനുണർവേകാൻ സാധിക്കുന്നില്ല.

6. "ഒരിക്കൽ

നിന്നെ കുളിപ്പിച്ചൊരുക്കിയ

അമ്മയുടെ കൈകളിൽ

അന്നുനീ കിലുക്കി കളിച്ച വളകൾ കാണില്ല;

അവയുടെ ചിരിയൊച്ചയും" – അമ്മയുടെ കൈകളിൽ ഇന്ന് കാണാൻ കഴിയുന്നത് എന്തെല്ലാം ? തിരഞ്ഞെടുത്ത് എഴുതുക.

(a) ചുളിവിന്റെ എണ്ണമില്ലാത്ത ഞൊറിവളകൾ

(b) ഞൊറിവളകൾ ഓർമ്മകൾ കൊണ്ട് തിളങ്ങുന്നവയാണ്.

(c) പുത്തൻ സ്വർണവളകൾ കിടന്നു മിന്നിത്തിളങ്ങുന്നു.

(d) ഞൊറി വളകൾക്ക് നിറഭേദങ്ങൾ ഒന്നും തന്നെയില്ല.

7. ഒരു മേസ്തിരിയോടൊപ്പം പണിക്കുപോയ തൊഴിലാളിയുടെ കാഴ്ചയിൽ തെളിയുന്ന യാഥാർത്ഥ്യങ്ങൾ എന്തൊക്കെയാണ് ? കണ്ടെത്തി എഴുതുക.

(a) എല്ലാം കർക്കശമായി ചെയ്യണമെന്ന ഭാവം

(b) അടുക്കും ചിട്ടയുമായി ജോലിയിൽ മുഴുകുന്നു.

(c) പ്രകതിയോടൊപ്പം ഭാവനാസമ്പന്നമായി സഞ്ചരിക്കുന്നു.

(d) ചുറ്റുപാടിനെ സർഗ്ഗാത്മകമായി വീക്ഷിക്കുന്നു.

8. താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് ചവിട്ടുകളിപ്പാട്ടിന് അനുയോജ്യമായ സവിശേഷതകൾ എടുത്തെഴുതുക ?

(a) ഒരു നാടോടി കലാരൂപമാണ്

(b) ക്ലാസിക് കലാരൂപങ്ങളിൽ പെടുന്നു.

(c) സാമൂഹിക ജീവിതവുമായി അടുത്തബന്ധം

(d) കർശനമായ നിയമങ്ങളും ചിട്ടകളും പാലിക്കുന്നു.

**9 മുതൽ 16 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 6 എണ്ണത്തിന് ഒരുപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

9. തകഴിയുടെ വാക്കുകളിൽ തെളിയുന്ന കുട്ടനാടൻ കാർഷിക സംസ്കാരത്തെ കുറിച്ച് വിശകലന ക്കുറിപ്പ് തയ്യാറാക്കുക ?

10. ജീവിതയാത്രകളിലെ ചിലയാദൃച്ഛികതകളാണോ യു.എ. ഖാദറിന്റെ ആഖ്യാനങ്ങളിൽ തെളിയുന്നത് ? നിങ്ങളുടെ അഭിപ്രായം സമർത്ഥിച്ച് കുറിപ്പ് തയാറാക്കുക ?

11. ഉപാധികളില്ലാത്ത സ്നേഹത്തിന്റെ ആഖ്യാനമായി 'മോതിരം' എന്ന കഥയെകാണാൻ കഴിയുമോ ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക ?

12. "മുകുന്ദന്റെ കഥ നമ്മുടെ കാലഘട്ടത്തിന്റെ ഫോട്ടോയാണ് " എന്ന് പറയുന്നത് എന്തുകൊണ്ട് ? ഒരു ലഘുവിവരണം തയ്യാറാക്കുക ?

13. ഇന്ത്യൻ ഭാഷയും യൂറോപ്യൻ ഭാഷയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക ?

14. “മുഖമെവിടെ” എന്ന കവിത വ്യക്തിത്വ ലോപം എന്ന ആശയവുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു ? വിവരണം തയാറാക്കുക ?

15. “നവോത്ഥാനം ഒരു പിശകോടുകൂടിയാണ് ഇവിടെ പ്രവർത്തിച്ചത് ” – (നാട്ടറിവും വിമോചനവും) ലേഖകന്റെ ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന വാദങ്ങൾ അവതരിപ്പിക്കുക ?

16. നായകന്റെ സ്ഥാനത്ത് പ്രതിനായകനെ പ്രതിഷ്ഠിക്കുന്ന കഥകളിയുടെ കൗതുക കരമായ സവിശേഷതകളെ പറ്റി കെ.സി. നാരായണൻ മുന്നോട്ടുവെക്കുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ?

**17 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. (5 × 6 = 30)**

17. ജന്മനാട്ടിലെത്തിയപ്പോഴുണ്ടായ അപരിചിതത്വവും സ്വന്തം നാടിനോടുള്ള അടങ്ങാത്ത സ്നേഹവും യു.എ. ഖാദറിന്റെ വിവരണങ്ങളിൽ ഒരു പോലെ തെളിയുന്നതിന്റെ കാരണം വ്യക്തമാക്കുന്ന ലഘുവിവരണം തയാറാക്കുക ?

18. ഓർമ്മയുടെ വികാസത്തിൽ പരിണാമത്തിന്റെ സ്വാധീനം വ്യക്തമാക്കുന്ന നിരീക്ഷണ കുറിപ്പ് തയാറാക്കുക ?

19. കുഞ്ചുവമ്മാവന്റെ മരണശേഷം അദ്ദേഹം അണിഞ്ഞിരുന്ന മോതിരത്തിനു വേണ്ടി ബന്ധുക്കൾ നടത്തുന്ന അന്വേഷണത്തിലൂടെ കഥ നമുക്ക് നല്കുന്ന സന്ദേശം എന്ത് ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക ?

20. “നോക്കു ദേവൂ ഇങ്ങനെ ചുമരായ ചുമരത്രയും കാട്ടിലെ തലകൾ വന്നു നിറയും” – ‘അമേരിക്ക’ എന്ന കഥയുടെ ആരംഭത്തിൽ കഥാപാത്രം കണ്ട സ്വപ്നത്തിൽ നിന്നുള്ള ഭാഗമാണിത്-കഥയുടെ കേന്ദ്രാശയവുമായി ഇതിനുള്ള ബന്ധം വിശദമാക്കുന്ന വിശകലനക്കുറിപ്പ് തയാറാക്കുക ?

21. വാമൊഴി, വരമൊഴി എന്നിവയെപ്പറ്റി ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ സംഗ്രഹിച്ച് എഴുതുക ?

22. വൈജ്ഞാനികോപന്യാസത്തിന് ഉണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ കണ്ടെത്തി വിശകലന കുറിച്ച് തയാറാക്കുക ?

23. “പാവം മാനവഹൃദയം” എന്ന കവിത ജീവിതത്തിന്റെ പ്രതീക്ഷകൾ നിറഞ്ഞ അവസ്ഥയെ ഏതൊക്കെ തലങ്ങളിൽ ആവിഷ്കരിക്കുന്നു ? വിശദീകരണ കുറിപ്പ് തയാറാക്കുക ?

24. “കോഴിപ്പങ്ക് ” എന്ന കവിതയിൽ കോഴിയുടെ ശരീരത്തിന്റെ ഭാഗമല്ലാത്തതെല്ലാം നിങ്ങൾ എടുത്തോളിൻ എന്നു പറയുന്നതിലെ ആക്ഷേപ ഹാസ്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക ?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

25. കുട്ടനാടിന്റെ അന്നും ഇന്നും താരതമ്യം ചെയ്യുന്നതിനു വേണ്ടി തകഴി സ്വീകരിച്ച ആഖ്യാന ശൈലിയെ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുക ?

26. സ്ത്രീസ്വത്വം അനുഭവിക്കുന്ന ആത്മ സംഘർഷങ്ങളെ 'പക്ഷിയുടെ മണം' എന്ന കഥയിൽ ഏതെല്ലാം തലങ്ങളിലാണ് അനാവരണം ചെയ്തിരിക്കുന്നത് ? ഉപന്യസിക്കുക.

27. "ആശയത്തെ അനുഭൂതിയാക്കുന്നതിൽ കവിതയിലെ നാടകീയതയ്ക്ക് മുഖ്യസ്ഥാനമുണ്ട്" – ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിലെ നാടകീയതയെപ്പറ്റി ഉപന്യാസം തയാറാക്കുക.

---